**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5085 | 04.07.2012-ൽ മറുപടിയ്ക്ക്

**റാന്നിയിലെ മണൽക്കടത്ത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ റാന്നി പോലീസ് സ്റ്റേഷനിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് എത്രകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്; പിടിച്ചെടുത്ത വാഹനങ്ങളിൽ ഉണ്ടായിരുന്ന മണൽ എന്തുചെയ്തു; സ്റ്റേഷനിൽ സൂക്ഷിക്കുകയായിരുന്നോ; അതോ സ്വകാര്യവ്യക്തികൾക്ക് നേരിട്ട് വിൽപന നടത്തുകയുണ്ടായോ;

(എ) 48 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 33 വാഹനങ്ങളും രണ്ട് വള്ളങ്ങളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതിനുശേഷമുള്ള മണൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചു വരുന്നു. സ്വകാര്യ വ്യക്തികൾക്ക് വിൽപ്പന നടത്തിയിട്ടില്ല.

(ബി) ഇങ്ങനെ സൂക്ഷിച്ചിരുന്ന മണൽ ആർക്കാണ് നൽകിയതെന്നും എത്ര അളവ് മണലാണ് നൽകിയതെന്നും വ്യക്തമാക്കുമോ; ആരാണ് ഈ സ്റ്റേഷനിൽ നിന്നും മണൽ കടത്തിക്കൊണ്ടുപോയത്;

(ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കഴിഞ്ഞ 2 വർഷത്തിനിടയിൽ 28 ക്യുബിക് മീറ്റർ മണൽ കൈമാറിയിട്ടുണ്ട്. സ്റ്റേഷനിൽ നിന്നും ആരും മണൽ കടത്തിക്കൊണ്ട് പോയിട്ടില്ല.

(സി) സർക്കാർ നിർദ്ദേശമനുസരിച്ച് മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എത്ര മണൽ വീതം ഓരോ തീയതിയിലും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശമനുസരിച്ച് മണൽ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. മണലിന്റെ അളവും കൈമാറിയ തീയതിയും ചുവടെ ചേർക്കുന്നു.

| Sl. No. | Quantity of Sand | Date |
|---|---|---|
| 1 | 1.20 $M^3$ | 12/05/10 |
| 2 | 3.45 $M^3$ | 22/06/10 |
| 3 | 3.60 $M^3$ | 18/08/10 |

| | | |
|---|---|---|
| 4 | 3.60 $M^3$ | 07/12/10 |
| 5 | 3.96 $M^3$ | 20/04/10 |
| 6 | 0.12 $M^3$ | 03/08/11 |
| 7 | 2.50 $M^3$ | 25/01/12 |
| 8 | 7.45 $M^3$ | 27/01/12 |
| 9 | 2.12 $M^3$ | 13/04/12 |
| | Total = 28.00 $M^3$ | |

(ഡി) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വ്യക്തികൾക്ക് മണൽ നൽകാൻ നിർദ്ദേശം നൽകിയത് ആരാണ്; ഇത് സംബന്ധിച്ച് പത്രവാർത്തകൾവരെ വന്ന സാഹചര്യത്തിൽ സ്റ്റേഷനിലെ മണൽക്കടത്തിന് സാഹചര്യമൊരുക്കിയ പോലീസ് ഉദ്യോഗസ്ഥരുടെമേൽ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യക്തികൾക്ക് മണൽ നൽകുവാൻ നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയുടെ ആവശ്യം ഉദിക്കുന്നില്ല.

(ഇ) വ്യക്തമായ സർക്കാർ നിർദ്ദേശമുണ്ടായിട്ടും പിടിച്ചെടുക്കുന്ന മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശമനുസരിച്ച് മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്.

(എഫ്) സ്റ്റേഷനിൽ സൂക്ഷിച്ച മണൽ സർക്കാർ നിർദ്ദേശം ലംഘിച്ച് സ്വകാര്യവ്യക്തിക്ക് കൈമാറിയ ഉദ്യോഗസ്ഥരുടെമേൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(എഫ്) സ്വകാര്യ വ്യക്തിക്ക് ചട്ടം ലംഘിച്ച് മണൽ കൈമാറിയിട്ടില്ല. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

17/07/14

സെക്ഷൻ ഓഫീസർ